# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ബുള്ളറ്റിൻ- ഭാഗം II

2022 ജൂലൈ 2

നമ്പർ : 243

2022 ജൂലൈ 8-ാം തീയതി വെള്ളിയാഴ്ച താഴെക്കൊടുത്തിരിക്കുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ചർച്ചയ്ക്ക് വരുന്നതാണ്.

| ക്രമ നം. | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| 1. | **ശ്രീ. പി. മമ്മിക്കുട്ടി** | **<u>സംസ്ഥാനത്തോടുള്ള റെയിൽവേയുടെ അവഗണന തിരുത്തുക</u>**<br>സംസ്ഥാന തലസ്ഥാനത്തെ രാജ്യത്തിന്റെ ഇതര ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ സൗകര്യങ്ങൾ തീർത്തും അപര്യാപ്തമായതിനാൽ ആവശ്യത്തിന് തീവണ്ടികൾ ആരംഭിക്കാനാകാത്തതു പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ 2011-12 ലെ ബജറ്റിൽ പ്രഖ്യാപിക്കുകയും 2019 മാർച്ച്-7 ന് തറക്കല്ലിടുകയും ചെയ്ത നേമം കോച്ചിംഗ് ടെർമിനൽ വേണ്ടെന്നു വച്ചത് കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതമായിരിക്കുകയാണ്.<br>രാജ്യത്ത് പ്രവാസികൾ ഏറ്റവും കൂടുതൽ ഉള്ളതും 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നതുമായ പശ്ചാത്തലത്തിൽ നിലവിലുള്ള ട്രെയിൻ യാത്രാസൗകര്യം തീർത്തും അപര്യാപ്തമാണ്. അങ്കമാലി-എരുമേലി, ഗുരുവായൂർ- |

| | | |
|---|---|---|
| | | തിരുനാവായ പാതകളും എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാതയും യാഥാർത്ഥ്യമാക്കുന്നതിൽ റെയിൽവേയുടെ താല്പര്യരാഹിത്യവും 2008-09-ലെ ബജറ്റിൽ പ്രഖ്യാപിച്ച് 2012 ഫെബ്രുവരി 1-ന് തറക്കല്ലിട്ട കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കായി ഒരു തുടർ പ്രവർത്തനവും നടത്താത്തതും പ്രത്യേക റെയിൽവേ സോൺ അനുവദിക്കാത്തതും സംസ്ഥാനത്തോടുള്ള റെയിൽവേയുടെ അവഗണനയാണ്. ഇത് തിരുത്തണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. |
| (2) | **ഡോ. മാത്യു കുഴൽനാടൻ** | **<u>വന്യജീവിസങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ചുറ്റുമുള്ള ജനവാസ മേഖല ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും ഒഴിവാക്കാൻ നടപടി</u>**<br>വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശം നിർബന്ധമായും ഇക്കോ സെൻസിറ്റീവ് സോൺ ആക്കണമെന്ന 2022 ജൂൺ 3-ലെ സുപ്രീം കോടതി ഉത്തരവ് സംസ്ഥാനത്തെ സംരക്ഷിത വനമേഖലയ്ക്ക് ചുറ്റുമുള്ള കർഷകരെയും പൊതുജനങ്ങളെയും ആശങ്കയിലാഴ്ത്തിയിരിക്കുന്നു. ഇക്കോ സെൻസിറ്റീവ് സോൺ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ കൃഷി അടക്കമുള്ള ഉപജീവനമാർഗ്ഗങ്ങളും നിർമ്മാണ പ്രവൃത്തികളും വികസന പ്രവർത്തനങ്ങളും പ്രതിസന്ധിയിലാകും എന്നതാണ് ആശങ്കയുടെ അടിസ്ഥാനം. മലയോരമേഖലയിൽ പട്ടയഭൂമിക്കും പ്ലാന്റേഷൻ ഭൂമിക്കും മറ്റും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും കാർഷിക മേഖലയ്ക്ക് പൊതുവേ ഉണ്ടായിട്ടുള്ള തകർച്ചയും കഴിഞ്ഞ കാലങ്ങളിൽ പ്രസ്തുത |

| | | |
|---|---|---|
| | | പ്രദേശത്തെ സാമ്പത്തികമായി തളർത്തിയിട്ടുമുണ്ട്.<br>താരതമ്യേന ഉയർന്ന ജനസാന്ദ്രത ഉള്ള കേരളത്തിൽ ഒരു വശം സമുദ്രവും മറുവശം മലനിരകളുമാണ്. തീരപരിപാലന നിയമം ഉൾപ്പെടെയുള്ള പാരിസ്ഥിതിക നിയന്ത്രണങ്ങൾ ബാധകമായതും എന്നാൽ ദേശീയ ശരാശരിയെക്കാൾ കൂടുതൽ വനവിസ്തൃതി ഉള്ളതുമായ കേരള സംസ്ഥാനത്ത് പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കുമ്പോൾ ജനവാസ മേഖലയെ പൂർണ്ണമായി ഒഴിവാക്കുകയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്ന സമീകൃത സമീപനമാണ് അനുയോജ്യമായുള്ളത്.<br>സംരക്ഷിത വനമേഖലയ്ക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനം മന്ത്രാലയത്തിന് 13.04.2015-ൽ കേരള സർക്കാർ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ തുടർ നടപടികൾക്കായി വിദഗ്ദ്ധ സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ 2018 വരെ സംസ്ഥാനത്തിന് നൽകാൻ കഴിയാതിരുന്നതിനാൽ 2015-ൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ അസാധുവായി. തുടർന്ന്, ജനവാസ മേഖലയിലുൾപ്പെടെ പൂജ്യം മുതൽ ഒരു കിലോമീറ്റർ ദൂരം വരെ ഇക്കോ സെൻസിറ്റീവ് സോണായി വിജ്ഞാപനം ചെയ്യാവുന്നതാണെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ മന്ത്രിസഭായോഗം തീരുമാനിക്കുകയും 31.10.2019-ൽ സംസ്ഥാന സർക്കാർ ഇതിനുള്ള ഉത്തരവിറക്കുകയും |

| | | |
|---|---|---|
| | | ചെയ്യു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശത്തെ സാധൂകരിക്കുന്ന രീതിയിലാണ് ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച നിലവിലെ സുപ്രീം കോടതി വിധി ഉണ്ടായിരിക്കുന്നത് എന്ന കാര്യം ജനങ്ങളുടെ ആശങ്ക ഇരട്ടിപ്പിക്കുന്നു.<br>ആയതിനാൽ, ജനവാസ കേന്ദ്രങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോൺ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശമുള്ള 31.10.2019-ലെ ഉത്തരവ് പിൻവലിച്ചുകൊണ്ട് ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കി കരട് വിജ്ഞാപന നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനും ദേശീയ ശരാശരിയെക്കാൾ മുകളിൽ വനവിസ്തൃതി നിലവിലുള്ളതും സംരക്ഷിക്കപ്പെടുന്നതുമായ സംസ്ഥാനമാണെന്ന വസ്തുതയും കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങളും കേന്ദ്ര സർക്കാരിനെയും എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തി ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും പൂർണ്ണമായും ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും ഒഴിവാക്കി വന്യജീവി സങ്കേതങ്ങളും ദേശീയ ഉദ്യാനങ്ങളും സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോടും, കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കി വന്യജീവി സങ്കേതങ്ങളും ദേശീയ ഉദ്യാനങ്ങളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോടും ഈ സഭ അഭ്യർത്ഥിക്കുന്നു. |

| | | |
|---|---|---|
| (3) | ശ്രീ. പി. പി. സുമോദ് | **കെ.എസ്.ആർ.ടി.സി.ക്ക് വിപണി വിലയിൽ ഇന്ധനം ലഭ്യമാക്കുക**<br>കുടിവെള്ളം, പൊതുജനാരോഗ്യം, വൈദ്യുതി തുടങ്ങിയ മേഖലകളെപ്പോലെ അവശ്യസർവ്വീസായ ഗതാഗത രംഗത്ത്, സേവന താല്പര്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി. മുഖേന നടത്തുന്ന പൊതുഗതാഗത സർവ്വീസ്, കേന്ദ്രസർക്കാരിന്റെ പൊതുമേഖല എണ്ണക്കമ്പനികൾ ഇന്ധനവിലയിൽ നടത്തുന്ന ദൈനംദിന വിലക്കയറ്റം കാരണവും കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമത്തിലെ ചില വ്യവസ്ഥകൾ കൊണ്ടും പ്രതിസന്ധി നേരിടുന്നത് രൂക്ഷമാക്കിക്കൊണ്ട് പൊതുമേഖല എണ്ണക്കമ്പനികൾ കെ.എസ്.ആർ.ടി.സി. ക്ക് നല്കുന്ന ഡീസലിന് പ്രതിലിറ്റർ 27.88 രൂപ പൊതുവിപണിയെക്കാൾ അധികം ഈടാക്കുന്നത് നിർത്തലാക്കാൻ എണ്ണക്കമ്പനികൾക്ക് നിർദ്ദേശം നല്കണമെന്ന് കേന്ദ്രസർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു. |

**കവിത ഉണ്ണിത്താൻ,**
**സെക്രട്ടറി-ഇൻ-ചാർജ്ജ്.**